കേരള സർക്കാർ

സംഗ്രഹം

കോവിഡ്-19 പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ചിരുന്ന ലോക്ക് ഡൗൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് ടി ദിവസം ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

===================================================

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം.75 /2020/ധന    തിരുവനന്തപുരം, തീയതി, 08/06/2020

===================================================

പരാമർശം: 1) 26/03/2020- ലെ സ.ഉ.(പി)നം.33/2020/ധന ഉത്തരവ്
2) 08/05/2020-ലെ സ.ഉ.(പി)നം.57/2020/ധന ഉത്തരവ്

## ഉത്തരവ്

മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം കോവിഡ്-19 പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ കാലയളവായ 2020 മേയ് 17 വരെ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് ജോലിയ്ക്ക് ഹാജരാകേണ്ടിയിരുന്ന ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നൽകുവാൻ ഉത്തരവായിരുന്നു എന്നാൽ തുടർന്നും ലോക്ക്ഡൗൺ നീട്ടിയ സാഹചര്യത്തിൽ മേൽ ആനുകൂല്യം മേയ് 31 വരെ നീട്ടിക്കൊണ്ടും മേയ് 31 ന് ശേഷമുള്ള ലോക്ക് ഡൗൺ കാലത്ത് ഒരു മാസത്തെ പ്രവർത്തിദിനങ്ങളുടെ 50 ശതമാനമോ അതിലധികമോ ദിനങ്ങൾ ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ടി മാസം ഹാജരാകേണ്ടിയിരുന്ന മുഴുവൻ ദിവസങ്ങളും ഡ്യൂട്ടിയായി പരിഗണിച്ച് വേതനം നൽകുന്നതിനും അൻപത് ശതമാനത്തിൽ കുറവ് ദിനങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിനങ്ങളിലേക്കു മാത്രം വേതനം നൽകുന്നതിനും അനുമതി നൽകികൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ
ധനകാര്യ (വ്യയം)സെക്രട്ടറി

പകർപ്പ്,

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം

Scanned with CamScanner

Scanned with CamScanner

13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

Scanned with CamScanner

Scanned with CamScanner